"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ആർ.ഇ) തസ്തികയിലെ ചുമതല ക്രമീകരണം - ശ്രീ.സി.പി.ജോസഫ്, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ - അധികച്ചുമതലാബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2386/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 26.10.2019.**

പരാമർശം: 1) 21.04.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 3967/എസി&എഡി2/2014/സിആർഡി നമ്പർ കത്ത്.

2) സ.ഉ.(സാധാ)നം.447/2019/തസ്വഭവ തീയതി 27.02.2019.

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ആർ.ഇ) ആയിരുന്ന ശ്രീ.ബി.പ്രേമാനന്ദ് പരിവർത്തിതാവധി എടുത്തപ്പോൾ, മേൽ തസ്തികയുടെ പൂർണ്ണ അധികച്ചുമതല ഗ്രാമ വികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.സി.പി.ജോസഫിന് നല്കിയ ഗ്രാമവികസന കമ്മീഷണറുടെ നടപടിയ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിരുന്നു. മേൽ കാലയളവിലേക്ക് ശ്രീ.സി.പി.ജോസഫിന് അധികച്ചുമതലാബത്ത അനുവദിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 26.04.2018 മുതൽ 15.06.2018 വരെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ആർ.ഇ)-യുടെ അധികച്ചുമതല വഹിച്ച ശ്രീ.സി.പി.ജോസഫിന്, കെ.എസ്.ആർ. ഭാഗം I, ചട്ടം 53A II(c), 53(c) എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ, പ്രസ്തുത കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.സി.പി.ജോസഫ്, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ